'CORRUPTION, A CRIME AGAINST NATION'

ഭരണഭാഷ മാതൃഭാഷ

ഡയറക്ടറേറ്റ്,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം.
ഇമെയിൽ : vig.vacb@kerala.gov.in
ഫോൺ : 04712305393
തീയതി.25-04-2023

നമ്പർ.A1-13270/2023/DVACB

**സേവന ഉത്തരവ് നമ്പർ. 113/2023/DVACB**

വിഷയം : വി.എ.സി.ബി- ജീവനക്കാര്യം- ബഹു:ഹൈക്കോടതിയിൽ ലെയ്സൺ ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്.

സൂചന : 17.04.2023 തീയതിയിലെ A-1212/2023/SCE നമ്പർ കത്ത്.

സംസ്ഥാനത്തെ വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02/03/2023 തീയതി കൂടിയ യോഗത്തിലെ തീരുമാനപ്രകാരം ഹൈക്കോടതിയിൽ ഒരു ലെയ്സൺ ഓഫീസറെ നിയോഗിക്കുന്നതിന് വിജിലൻസ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.

സൂചനയിലെ ശിപാർശ പരിഗണിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം സ്പെഷ്യൽ സെൽ ഓഫീസിലെ പോലീസ് ഇൻസ്പെക്ടർ ശ്രീ.ബിബിൻ.പി.മാത്യു-വിനെ ബഹു.കേരള ഹൈക്കോടതിയിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ലെയ്സൺ ഓഫീസർ ആയി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു. ടിയാന്റെ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു.

1. വിജിലൻസ് കോടതികൾ പുറപ്പെടുവിക്കുന്ന വിധികളെ തുടർന്ന് അപ്പീലുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി അപ്പീലുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ബഹു: ഹൈക്കോടതിയിൽ ഫയൽ ചെയ്യേണ്ടതുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ തുടർ നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.
2. അപ്പീലുകൾ സംബന്ധിച്ച വിവരങ്ങൾ ലെയ്സൺ ഓഫീസർ ശേഖരിച്ച് സൂക്ഷിക്കേണ്ടതും ആയത് സംബന്ധിച്ച് ക്രോഡീകരിച്ച റിപ്പോർട്ട് ഓരോ മാസവും ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

കോടതി സംബന്ധിച്ച വ്യവഹാരങ്ങൾ ഇല്ലാത്ത അവസരങ്ങളിൽ ടിയാൻ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, എറണാകുളം സ്പെഷ്യൽ സെൽ ഓഫീസിലെ ഔദ്യോഗിക ജോലികൾകൂടി നിർവഹിക്കേണ്ടതാണ്.

25-04-2023
ഹർഷിത അത്തല്ലൂരി ഐ.പി.എസ്,
ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്

സ്വീകർത്താവ് : ബന്ധപ്പെട്ട ഉദ്യോഗസ്ഥന് (യൂണിറ്റ് മേധാവി മുഖാന്തിരം).

പകർപ്പ് : 1. വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോയിലെ എല്ലാ ഓഫീസ്

മേധാവിമാർക്കും.
2. മാനേജർ/എ.എ./ എ.ഒ/.
3. ഡയറക്ടറേറ്റിലെ എല്ലാ ഓഫീസർമാരുടെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക്.
4. ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
5. പോലീസ് ഇൻസ്പെക്ടർ(ഇന്റലിജൻസ് ബ്രാഞ്ച്) വിജിലൻസ് ആൻഡ് ആൻറി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6. എസ്.ഒ.ഫയൽ/ആർ.എഫ്.